ഒന്നാം പാദവാർഷിക മൂല്യ നിർണ്ണയം - 2017

ജീവശാസ്ത്രം

ഉത്തര സൂചിക

ക്ലാസ്സ്- 10

1) c)പ്രൊജസ്റ്ററോൺ

2) ii) b,c

3) b) തച്ചോറ്, സുഷുമ്ന എന്നിവയിൽ നിന്നും സന്ദേശങ്ങൾ ശരീരത്തിന്റെ വിവിധ

ഭാഗങ്ങളിലെത്തിക്കുന്നത് പ്രേരകനാഡിയാണ്.

4) a)ശരീര വളർച്ചാ ഘട്ടത്തിൽ വളർച്ചയെ ത്വരിതപ്പെടുത്തുന്ന ഹോർമോണാണ് <u>സൊമാറ്റോട്രോപ്പിക് ഹോർമോൺ (വളർച്ചാ ഹോർമോൺ)</u>

5) ഐറിസ്. മറ്റുള്ളവ ചില ജീവികളിലെ ഗ്രാഹികളാണ്.

6) പെരിഫെറൽ നാഡീവ്യവസ്ഥ

7) a) രക്തത്തിൽ നിന്ന് രൂപപ്പെടുന്നു.

b)മസ്തിഷ്ക കലകൾക്ക് പോഷകഘടകങ്ങൾ,ഓക്സിജൻ എന്നിവ നൽകുക, മസ്തിഷ്കത്തിനുള്ളിലെ മർദ്ദം ക്രമീകരിക്കുക,മസ്തിഷ്കത്തെ ക്ഷതങ്ങളിൽ നിന്നു സംരക്ഷിക്കുക.

8)നേത്രദാനം മഹാദാനം, നേത്രദാനം ജീവദാനം

9) ചെവിക്കട → കർണനാളം → (a)കർണപടം

→ അസ്ഥി ശൃംഖലകൾ → (b)ഓവൽ വിൻഡോ → (c)കോക്ലിയ

→ രോമകോശങ്ങൾ → ആവേഗം → (d)ശ്രവണ നാഡി

→ സെറിബ്രം → കേൾവി എന്ന അനുഭവം

10) രണ്ട് നാഡീ കോശങ്ങൾക്കിടയിൽ മാത്രമല്ല നാഡീ കോശവും പേശീ കോശവും തമ്മിലും നാഡീ കോശവും ഗ്രന്ഥീകോശവും തമ്മിലും സിനാപ്സ് കാണപ്പെടുന്നു.

11) ഇൻസുലിൻ പ്രവർത്തിച്ച രക്തത്തിലെ ഗ്ലൂക്കോസ് കോശങ്ങളിലെത്തിയാൽ മാത്രമേ ഊർജ്ജോല്പാദനം

നടക്കുകയുള്ളൂ

12) a) തൈമോസിൻ

b)ശരീരത്തിൽ രോഗപ്രതിരോധ പ്രവർത്തനത്തെ സഹായിക്കുന്ന ലിംഫോസൈറ്റുകളുടെ പാകപ്പെടലിനേയും പ്രവർത്തനത്തേയും നിയന്ത്രിക്കുക.

13) a) ഹൈപ്പർ തൈറോയിഡിസം

b) കൂടിയ ശരീര താപനില, കൂടുതൽ വിയർപ്പ് , കൂടിയ ഹൃദയമിടിപ്പ്, ഉറക്കമില്ലായ്മ, വൈകാരിക പ്രക്ഷുബ്ധത

14) (a)ആന്തര കർണ്ണ ഭാഗങ്ങൾ

(b) (A) അർധവൃത്താകാരകുഴലുകൾ (B) വെസ്ററിബ്യൂൾ (C)കോക്ലിയ

(c)A,B- ശരീര തുലന നിലപാലനം . C - ശ്രവണം

15) a)ഉദ്ദീപിപ്പിക്കപ്പെടാത്ത അവസ്ഥയിൽ പ്ലാസ്മാസ്തരത്തിന് പുറം ഭാഗത്ത് പോസിറ്റീവ് ചാർജ്ജും ഉൾഭാഗത്ത് നെഗറ്റീവ് ചാർജ്ജുമായിരിക്കും.

b)ഉദ്ദീപനം നടക്കുമ്പോൾ പ്ലാസ്മാസ്തരത്തിന് പുറം ഭാഗത്ത് നെഗറ്റീവ് ചാർജ്ജും ഉൾഭാഗത്ത് പോസിറ്റീവ് ചാർജ്ജുമായി മാറുകയും ആവേഗങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

16) a)

സിംപതറ്റിക് വ്യവസ്ഥ	പാരാസിംപതറ്റിക് വ്യവസ്ഥ
ഹൃദയമിടിപ്പ് കൂടുന്നു ഗ്ലൈക്കോജൻ ഗ്ലൂക്കോസാകുന്നു	ശ്വാസനാളം സങ്കോചിക്കുന്നു കൃഷ്ണമണി ചുരുങ്ങുന്നു

b)എപ്പിനെഫ്രിൻ(അഡ്രിനാലിൻ), നോർ എപ്പിനെഫ്രിൻ(നോർ അഡ്രിനാലിൻ)

17) a)അൽഷിമേഴ് സ്

b)തലച്ചോറിൽ അലേയമായ ഒരു തരം പ്രോട്ടീൻ അടിഞ്ഞ് ന്യൂറോണുകൾക്ക് നാശം സംഭവിക്കുന്നത്

c)അവർക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും നൽകുക

18)തിമിരം - ലെൻസ് അതാര്യമാകുന്നു ഗ്ലോക്കോമ – ലേസർ ശസ്ത്രക്രിയ

വർണ്ണാന്ധത – കോൺകോശങ്ങളുടെ തകരാറുമൂലം

19)a) A)കാൽസിടോണിൻ B)പാരാതൊർമോൺ

b) കാൽസിടോണിൻ രക്തത്തിൽ കാൽസ്യത്തിന്റെ അളവ് വർദ്ധിക്കുമ്പോൾ അസ്ഥികളിൽ നിന്നു കാൽസ്യം രക്തത്തിലേക്കു കലരുന്ന പ്രവർത്തനം തടഞ്ഞും രക്തത്തിലെ അധികമുള്ള കാൽസ്യത്തെ അസ്ഥികളിൽ സംഭരിച്ചും അളവ് ക്രമീകരിക്കുന്നു.

പാരാതൊർമോൺ രക്തത്തിൽ കാൽസ്യത്തിന്റെ അളവ് കുറയുമ്പോൾ അസ്ഥികളിൽ കാൽസ്യം സംഭരിക്കുന്നത് തടഞ്ഞും വൃക്കകളിൽ നിന്ന് രക്തത്തിലേക്ക് കാൽസ്യത്തിന്റെ പുനരാഗിരണത്തിന്

സഹായിച്ചും അളവ് ക്രമീകരിക്കുന്നു.

20) a)ഡയബറ്റിസ് ഇൻസിപ്പിഡസ് എന്ന പ്രമേഹം

b)ADH/വാസോപ്രസിൻ

c)വേനൽക്കാലത്ത് കൂടുതൽ വാസോപ്രസിൻ സ്രവിപ്പിച്ച് മൂത്രത്തിന്റെ അളവ് കുറക്കുന്നു

വർഷക്കാലത്ത് കുറച്ച് വാസോപ്രസിൻ സ്രവിപ്പിച്ച് മൂത്രത്തിന്റെ അളവ് കൂട്ടുന്നു

21)a)വ്യത്യാസം വരില്ല. കാരണം വിറ്റാമിൻ A യുടെ കുറവ് മൂലമുണ്ടാകുന്ന നിശാന്ധതയാണിത്

b)വിറ്റാമിൻ A അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ കൂടുതലായി ഉപയോഗിക്കുക

c)നേത്രാവരണവും കോർണിയയും വരണ്ട് കോർണിയ അതാര്യമായി സീറോഫ്താൽമിയ എന്ന അവസ്ഥക്ക് കാരണമാകുന്നു

22)

c)തലാമസ്-പുനപ്രസരണ കേന്ദ്രം

b)സെറിബല്ലം-ഉലന നിലപാലനം

a)മെഡുല ഒബ്ലോംഗേറ്റ-അനൈച്ഛിക പ്രവർത്തന നിയന്ത്രണം

Prepared by

Abdurahiman E

TSS Vadakkangara, Malappuram